# Malayala Manorama
# 28 August 2018
# Kochi, ‘’Kalakar Keralam’’, Artists, Flood Relief

## കലാവർഷവുമായി ‘കലാകാർ കേരളം’

കൊച്ചി ● ദുരന്തമായി പെയ്തിറങ്ങിയ കാലവർഷത്തെ, കലാവർഷം കൊണ്ടു നേരിടാനൊരുങ്ങുകയാണു കേരളത്തിലെ കലാകാരുടെ സമൂഹം. നവകേരള നിർമിതിക്കായാണു കലാകാരൻമാർ ഒരുമിക്കുന്നത്. ‘കലാകാർ കേരളം’ എന്ന പേരിൽ ദർബാർ ഹാൾ ആർട് ഗാലറിയിൽ ആരംഭിച്ച ചിത്രപ്രദർശനത്തിൽ പ്രളയത്തെ അടയാളപ്പെടുത്തുന്ന ചിത്രങ്ങളുമുണ്ട്. കലാകാരൻമാർ തൽസമയം വരയ്ക്കുന്ന ചിത്രങ്ങൾ വാങ്ങാം. ആയിരം ചിത്രങ്ങൾ വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ഓരോ ചിത്രങ്ങളും താങ്ങാവുന്ന വിലയ്ക്കു ലഭ്യമാക്കി, സ്വരൂപിക്കുന്ന പണം കേരളത്തിന്റെ പുനർനിർമാണത്തിനുപയോഗിക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കു ചിത്രങ്ങൾ വിറ്റു കിട്ടുന്ന തുക നിക്ഷേപിക്കും. കേരള ലളിതകലാ അക്കാദമിയുമായി സഹകരിച്ചാണു ചിത്രപ്രദർശനം നടക്കുന്നത്. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി 350 ചിത്രകാരൻമാരാണു പങ്കെടുക്കുന്നത്. 1000, 1500 രൂപയിൽ പ്രമുഖ ചിത്രകാരുടെ ചിത്രങ്ങൾ സ്വന്തമാക്കാനുള്ള അവസരം കൂടിയാണ് പ്രദർശനം ഒരുക്കുന്നത്. ‘കലാകാർ കേരളം’ 30 നു സമാപിക്കും. 11 മുതൽ ഏഴു വരെയാണു പ്രദർശന സമയം. സിപിഎം ജില്ലാ സെക്രട്ടറി പി. രാജീവ് ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്തു.

## സഹായവുമായി കലാധ്യാപകർ

കൊച്ചി ● പ്രകൃതിദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർക്കു സഹായവുമായി ഒരു സംഘം കലാധ്യാപകർ. ചിത്രം വരച്ചു വിൽപന നടത്തി ഇതിലൂടെ ലഭിക്കുന്ന മുഴുവൻ പണവും വീടു നഷ്ടപ്പെട്ടവർക്കു നൽകാനാണു തീരുമാനം.




ഇതിനായി മുപ്പതോളം കലാധ്യാപകരുടെ നേതൃത്വത്തിൽ സെപ്റ്റംബർ രണ്ടിനു രാവിലെ 10 മുതൽ രാത്രി ഏഴു വരെ സംഘടിപ്പിക്കുന്ന ലെറ്റസ് റീച്ച് എന്ന പേരിലുള്ള പരിപാടിയിൽ ചിത്രരചന, പ്രദർശനം, വിൽപന എന്നിവ നടക്കും. ടീച്ച് ആർട്ട് കൊച്ചിയുടെ നേതൃത്വത്തിൽ പനമ്പിള്ളി നഗർ ഷോപ്പിങ് സെന്ററിനു സമീപം പാർക്കിലാണ് പരിപാടി. ഇതിൽനിന്നു സമാഹരിക്കുന്ന മുഴുവൻ തുകയും ദുരിതത്തിൽപ്പെട്ടവർക്ക് എത്തിക്കുകയാണു ലക്ഷ്യമെന്നു സംഘാടകർ പറഞ്ഞു. നൂറു രൂപ മുതൽ നൽകി ആർക്കും ചിത്രങ്ങൾ വാങ്ങാനാകും.